ശ്രീ. പി. വി. കുഞ്ഞുണ്ണി നായർ : കേരളത്തിലേക്കാവശ്യമുള്ള പഞ്ചസാര കിട്ടുന്നുണ്ടോ ; പഞ്ചസാര കിട്ടുന്നില്ലെന്നും എന്നാൽ എല്ലാ സ്ഥലങ്ങളിലും രണ്ടോ മൂന്നോ ഉറപ്പിക കൊടുത്താൽ കരിഞ്ചന്തയിൽ എല്ലാ സ്ഥലത്തും കിട്ടുന്നുണ്ടെന്നും അറിയുന്നു. പക്ഷേ തിരുവനന്തപുരത്തുള്ള ആൾക്ക് പഞ്ചസാര കിട്ടണമെങ്കിൽ കൊല്ലത്തു പോകണം, കൊല്ലത്തുള്ള ആളിനു കിട്ടണമെങ്കിൽ എറണാകുളത്തു പോകണം, എറണാകുളത്തുള്ള ആളിനു കിട്ടണമെങ്കിൽ തിരുവനന്തപുരത്തുവരണം, ഇങ്ങനെ പഞ്ചസാര കിട്ടുന്നുണ്ട്. ഇതു തടഞ്ഞു് സാധാരണക്കാക്കു് ന്യായവിലഷാപ്പിൽക്കൂടി പഞ്ചസാര കിട്ടാൻ നടപടികളെടുക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് : സാധാരണക്കാർക്കു് കിട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് കാർഡുടമസ്ഥന്മാർക്കു് വീതിച്ചുകൊടുക്കണമെന്നു വച്ചിട്ടുള്ളതു്. ഉള്ള കോട്ടാ മുഴുവൻ വീതിച്ചു കൊടുക്കുന്നുണ്ടു്. കുറെയൊക്കെ ആളുകളും കൂടി ഇതിനു സഹകരിക്കണം. ആവശ്യമായ എന്തെല്ലാം ചെയ്യാൻ കഴിയുമോ, ആ കാര്യമൊക്കെ ഗവണ്മെൻറും ചെയ്യാം.

എൻ. ജി. ഒ. മാക്കു് സിറിസവ്വീസുകളിൽ കൺസഷൻ കൊടുക്കുന്നു നടപടി.

✱ 825. [24] ശ്രീ. പാറയിൽ ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. ജി. ഒ. മാക്കു് സിറിസവ്വീസുകളിൽ സീസൺ ടിക്കറ്റു നൽകുന്ന കാര്യത്തെപ്പറ്റി എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ;

(ബി) അവർക്കു് എത്രയും വേഗം 50% കൺസഷനെങ്കിലും കൊടുക്കുവാൻ ദയവുണ്ടാകുമോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) സീസൺ ടിക്കറ്റു നൽകുന്നുണ്ടു്.

(ബി) 15 ശതമാനം കൺസഷൻ ഇപ്പോൾ അനുവദിച്ചിട്ടുണ്ടു്. അതിൽ കൂടുതൽ കൊടുക്കാൻ നിർവാഹമില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൽ വിവിധ തരത്തിലുള്ള സൗജന്യങ്ങളും അനുവദിക്കുന്നതു മൂലം വമ്പിച്ച തുക ഡിപ്പാർട്ടുമെൻറിനു് നഷ്ടം ഉണ്ടാകുന്നുണ്ടെന്നും ആ തുക ഗവണ്മെൻറിൽനിന്നും കൊടുത്തു് ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെൻറിൻറെ വരവിനത്തിലേക്കു ചേർക്കേണ്ടതാണെന്നും ആ ഡിപ്പാർട്ടുമെൻറിൽനിന്നും വല്ല നിർദ്ദേശവും കിട്ടിയിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : അങ്ങനെ വരുന്നുണ്ടു്. കൂട്ടികൊടുക്കു് കൺസഷൻ കൊടുക്കുന്നതിൽ വലിയ ഒരു തുക വരുന്നുണ്ടു്. അതുപോലെതന്നെ ഉദ്യോഗസ്ഥന്മാർക്കും കൊടുക്കുന്നുണ്ടു്. ഇതെല്ലാം അതാതു ഡിപ്പാർട്ടുമെൻറുകളിൽനിന്നും ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിനു കിട്ടണമെന്ന നിവേദനം ഉണ്ടായി. അതെത്രത്തോളം പ്രായോഗികമായിരിക്കുമെന്നു പരിശോധിക്കാം.

എറണാകുളം—പാലക്കാടു ട്രാൻസ്പോർട്ടു് ത്രൂ സവ്വീസു്

✱ 826. [25] ശ്രീ. എം. നാരായണക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം—പാലക്കാടു് ട്രാൻസ്പോർട്ടു് ത്രൂസവ്വീസു ഏർപ്പെടുത്തുന്ന കാര്യം എത്രത്തോളം പുരോഗമിച്ചു ;

(ബി) എന്നേക്കു് സവ്വീസു ആരംഭിക്കുവാൻ കഴിയും ?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) പ്രാരംഭ നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തിക്കഴിഞ്ഞു.

(ബി) കൃത്യമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. ഈ. പി. ഗോപാലൻ : തൃ സർവ്വീസ് നടത്തുന്നതിനു് നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തിയതിനെത്തുടർന്നു് പാലക്കാട്ട ജില്ലയിൽ സാധാരണ ട്രാൻസ്പോർട്ട് ബസ്സു് സർവ്വീസ് നിറുത്തിയിട്ടുണ്ടോ ?

ശ്രീ. കെ. ടി അച്യുതൻ : ഇല്ലെന്നാണു് ഓർമ്മ. പാലക്കാട്ട ജില്ലയിൽ നിറുത്തിയിട്ടില്ല. അവിടെ കൂടുതൽ ഫാസ്റ്റു പാസഞ്ചർ സർവ്വീസ് ഏർപ്പെടുത്താനാണു് ഉദ്ദേശിക്കുന്നതു്.

ശ്രീ. എം. നാരായണക്കുറുപ്പു് : നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തി പലമാസങ്ങളും കഴിഞ്ഞിട്ടും എന്താണു് താമസം ?

ശ്രീ. കെ. ടി. അച്യുതൻ : അതിന്റെ ഹിയറിംഗ് കഴിഞ്ഞു് ഉടനെ നടപ്പിൽവരും.

SHORT NOTICE QUESTIONS AND ANSWERS

ഡ്രൈവർ, കണ്ടക്ടർ എന്നീ തസ്തികകളിലേയ്ക്കു് തിരഞ്ഞെടുക്കപ്പെട്ടവർ

* 827. [12] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിലും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിൽ ഡ്രൈവർ, കണ്ടക്ടർ എന്നീ തസ്തികകളിലേയ്ക്കു് 1959 ഡിസംബർ മാസത്തിനുശേഷം എത്രപേരെ പബ്ലിക്കു് സർവ്വീസ് കമ്മീഷൻ തിരഞ്ഞെടുത്തിട്ടുണ്ടു് ;

(ബി) ഇപ്രകാരം തിരഞ്ഞെടുത്തവരിൽ എത്രപേരെ ജോലിയിൽ സ്ഥിരപ്പെടുത്തി ;

(സി) ഇനും സ്ഥിരപ്പെടുത്താതെ ഒരോ വിഭാഗത്തിലും പ്രവർത്തിക്കുന്നവർ എത്ര ;

(ഡി) കണ്ടക്ടർ, ഡ്രൈവർ തസ്തികകളിലേക്കു് പുതുതായി തിരഞ്ഞെടുപ്പു നടത്തുന്നതിനു് പി. എസ്. സി. അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ)	കണ്ടക്ടർ	1185
	ഡ്രൈവർ	786
(ബി)	കണ്ടക്ടർ	69
	ഡ്രൈവർ	205

(സി) പ്രൊബേഷനറിയായിട്ടും, പ്രൊവിഷനലായിട്ടും എല്ലാതരത്തിലുള്ള ലീവും, വീക്കിലി ആഫ് ഡ്യൂട്ടിയും ചേർത്തു്:

കണ്ടക്ടർ	624
ഡ്രൈവർ	476

ജോലി ഉപേക്ഷിച്ചവർ: കണ്ടക്ടർ 199

ഡ്രൈവർ 82

(ഡി) കണ്ടക്ടർ ഇല്ല.

ഡ്രൈവർ ആവശ്യപ്പെട്ടിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly